നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1650

3.10.2011 ൽ
മറുപടിയ്ക്ക്

## മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. റ്റി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വയനാട് ജില്ലയിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കോട്ടത്തറ, വെങ്ങപ്പള്ളി, മുപ്പനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലും മാനന്തവാടി നിയോജകമണ്ഡലത്തിലെ എടവക ഗ്രാമപഞ്ചായത്തിലും മാവേലി സ്റ്റോറുകൾ ഇല്ല. സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ പ്രവർത്തിക്കു ന്നുണ്ട്. |
| ബി) കൽപ്പറ്റമണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ? | ബി) കോട്ടത്തറ പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരികയാണ്. എന്നാൽ സാദ്ധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള കെട്ടിടത്തിന്റെ വാടക സപ്ലൈകോയുടെ മാനദണ്ഡമനുസരിച്ചുള്ള നിരക്കിനേക്കാൾ കൂടുതലായതിനാൽ, കെട്ടിടത്തിന്റെ വാടക നിരക്ക് കുറയ്ക്കുന്നതിനായി ചർച്ച നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വെങ്ങപ്പള്ളി, മുപ്പനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭിച്ചിട്ടില്ല. അടിസ്ഥാന സൗകര്യം ലഭിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥരുടെ ലഭ്യതയും പരിഗണിച്ച് മാവേലി സ്റ്റോർ ആരംഭിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ